# മൂപ്പന്മാരെ നിയമിക്കലും അവരുടെ യോഗ്യതകളും

ദൈവം അവർക്കു നല്കിയ പങ്ക് നിർവ്വഹിക്കേണ്ടതിനു ആവശ്യമായ മൂപ്പന്മാരെ കർത്താവിന്റെ സഭയ്ക്കു എങ്ങനെ കിട്ടും? കഴിവതും ചുരുങ്ങിയ വാക്കുകളിൽ പറഞ്ഞാൽ, (1) ആ സ്ഥാനത്തിനു യോഗ്യരായിരിക്കണം പുരുഷന്മാർ, പിന്നെ (2) അവരെ ആ പ്രവൃത്തിക്കു നിയമിക്കണം. അവർ യോഗ്യരായി തീരുവാൻ എന്തു ചെയ്യണം? പിന്നെ യോഗ്യതയുള്ളവരെ എങ്ങനെ നിയമിക്കും? ബൈബിൾ സംബന്ധമായ നേതൃത്വത്തെ കുറിച്ചുള്ള ഏതു ചർച്ചയും, ഈ രണ്ടു ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടതുണ്ട്.

### മൂപ്പന്മാരുടെ യോഗ്യതകൾ

ഒരു പ്രാദേശിക സഭയിൽ നേതൃത്വം എന്ന വിഷയം വരുമ്പോഴെല്ലാം, ഏറ്റവും കൂടുതൽ ചർച്ച ചെയ്തിട്ടുള്ള ചോദ്യങ്ങൾ മൂപ്പന്മാരുടെ യോഗ്യതകളെ കുറിച്ചാണ്. ഒരു മൂപ്പനു ഒന്നിൽ കൂടുതൽ മക്കൾ ഉണ്ടായിരിക്കണോ? അയാളുടെ മക്കൾ എല്ലാവരും വിശ്വാസികളായ ക്രിസ്ത്യാനികൾ ആയിരിക്കണോ? അയാളുടെ ഭാര്യ മരിച്ചാൽ അയാൾ രാജി വെക്കണോ? "യോഗ്യതകളെ" സംബന്ധിച്ച നമ്മുടെ മുന്നറിവും മൂപ്പന്മാരുടെ പ്രവൃത്തികളെ കുറിച്ചുള്ള കരുതലില്ലായ്മയും മോശമായ മുൻഗണനകളെ സൂചിപ്പിക്കുന്നു. എന്നാൽ പോലും, ഒരാളെ മൂപ്പൻ ആയി നിയമിക്കുന്നതെന്താണെന്നറിയുവാൻ നാം ദൈവസഹായം തേടണം എന്നു സൂചിപ്പിക്കുന്നു.

### രേഖപ്പെടുത്തിയ യോഗ്യതകൾ

തിരുവെഴുത്തിലെ രണ്ടു വേദഭാഗങ്ങളിൽ മൂപ്പന്മാരുടെ യോഗ്യതകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഒന്നാമത്തേത് 1 തിമൊഥെയൊസ് 3:2-7 ആണ്, അതൊരു മുൻ പ്രസ്താവനയോടെയാണ് നല്കിയിരിക്കുന്നത് "അതൊരു വിശ്വാസ്യയോഗ്യമായ പ്രസ്താവന ആകുന്നു: ഒരുവൻ അദ്ധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നു എങ്കിൽ, നല്ല വേല ആഗ്രഹിക്കുന്നു." (എൻആർഎസ്വി: "അരുളപ്പാട് തീർച്ചയാണ്: അദ്ധ്യക്ഷൻ

എന്ന ഉദ്യോഗം കാംക്ഷിക്കുന്നവൻ ഉത്തമമായ ജോലി ആഗ്രഹിക്കുന്നു"; കെജെവി: "ഒരു മനുഷ്യൻ അദ്ധ്യക്ഷസ്ഥാനം ആഗ്രഹിക്കുന്നു എങ്കിൽ, അയാൾ നല്ല ജോലി ആഗ്രഹിക്കുന്നു.") മൂപ്പൻ ആകുവാനുള്ള "ആഗ്രഹം," അല്ലെങ്കിൽ കാംക്ഷ, മൂപ്പന്മാരാകുവാനുള്ള യോഗ്യതകളിൽ ഒന്നായി ധാരാളം പേരെ വിശ്വസിക്കുന്നതിലേക്ക് നയിക്കുന്നു. അതു അങ്ങനെയല്ല. എങ്ങനെയായാലും, ഒരാൾ മൂപ്പൻ ആയി സേവ ചെയ്യുവാൻ മനസ്സു കാണിക്കണം എന്നതു വാസ്തവമാണ് - അയാൾ ആ "സ്ഥാനം ആഗ്രഹിക്കണം" ചുരുങ്ങിയതു - ആ പ്രവൃത്തിക്കു അയാളെ നിയമിക്കുന്നതിനു മുൻപു തന്നെ.

മൂപ്പനിൽ ഉണ്ടാകേണ്ട മറ്റു സ്വഭാവങ്ങളെ കുറിച്ചു പൗലൊസ് പറയുന്നുണ്ട്. കൂടുതൽ വ്യക്തതക്കായി പകരമുള്ള തർജ്ജിമകളും ഉൾപ്പെടുത്തിയിട്ടുണ്ട്.[1]

1. *"നിരപവാദ്യൻ"*; കെജെവി - "കുറ്റമില്ലാത്തവൻ"; ഏഎസ്‌വി - "അപവാദം ഇല്ലാതെ"; നോക്സ് - "തെറ്റു കണ്ടെത്തുവാനിടയില്ലാത്തവൻ"; ഫി - "കുറ്റരഹിതമായ ബഹുമതി"; റ്റേ - "അവന്റെ ജീവിതത്തെ കുറിച്ചു എതിർ പറയാതിരിക്കണം"; ആർഎസ്‌വി, എൻഐവി, എൻആർഎസ്‌വി - "നിരപവാദ്യൻ."

2. *"ഏകഭാര്യയുടെ ഭർത്താവു"*; കെജെവി, ആർഎസ്‌വി - "ഏക ഭാര്യയുടെ ഭർത്താവു"; ഡബ്ലിയു എംഎസ് - "ഒരു ഭാര്യ മാത്രം ഉണ്ടായിരിക്കണം"; എൻഈബി - "ഏക ഭാര്യയോടു വിശ്വസ്തൻ"; എംഓഎഫ്, എൻആർഎസ്‌വി - "ഒരിക്കൽ മാത്രം വിവാഹം കഴിച്ചവൻ"; എൻഐവി - "ഏക ഭാര്യയുടെ മാത്രം ഭർത്താവു."

3. *"മിതേഛയുള്ള, വിവേകമുള്ള, മാന്യനായ"*; കെജെവി - "കരുതലുള്ള, മദ്യലഹരിയില്ലാത്ത, നല്ല പെരുമാറ്റം ഉള്ള"; ആർഎസ്‌വി - "മിതേഛയുള്ള, സുബോധമുള്ള, അന്തസുറ്റ"; ഏഎസ്‌വി - "മിതേഛയുള്ള, സുബോധമുള്ള, അന്തസുറ്റ"; എൻഏഎസ്ബി - "മിതേഛയുള്ള, വിവേകമുള്ള, അന്തസുറ്റ"; എൻഐവി - "മിതേഛയുള്ള, ജിതേന്ദ്രിയനായ, അന്തസുറ്റ"; എൻആർഎസ്‌വി - "മിതേഛയുള്ള, സുബോധമുള്ള, അന്തസുറ്റ."

4. *"അതിഥിപ്രിയൻ"*; കെജെവി - "അതിഥി സൽക്കാരം നടത്തുന്നവൻ"; ബാസ് - "അയാളുടെ ഭവനം അതിഥികൾക്കായി സൗജന്യമായി തുറന്നു കൊടുക്കുന്ന ആൾ"; ആൽഫ്, ആർഎസ്‌വി, എൻഐവി, എൻആർഎസ്‌വി - "അതിഥിപ്രിയൻ."

5. *"ഉപദേശിപ്പാൻ കഴിവുള്ളവൻ"*; കെജെവി, എൻഐവി - "ഉപദേശിപ്പാൻ സമർത്ഥൻ"; ആർഎസ്‌വി, എൻആർഎസ്‌വി - "ഒരു സമർത്ഥനായ ഉപദേഷ്ടാവു"; കോൺ - "ഉപദേശ പാടവമുള്ള"; വെയ് - "ഉപദേശവരത്തോടുകൂടിയ"; ബെർ - "ഉപദേശിപ്പാൻ യോഗ്യൻ"; എൻഈബി - "നല്ല ഒരു ഉപദേഷ്ടാവു."

6. *"വീഞ്ഞിനു അടിമപ്പെടാത്തവൻ അല്ലെങ്കിൽ കലഹപ്രിയൻ അരുത്"*; കെജെവി - "വീഞ്ഞിനു വിട്ടു കൊടുക്കാത്തവൻ, തല്ലുകാരൻ അരുത്"; ആർഎസ്‌വി - "മദ്യപാനി അരുത്, അക്രമി അരുത്"; ഏഎസ്‌വി - "കലഹിക്കുന്നവൻ അരുത്, തല്ലുകാരൻ അരുത്"; എൻഏഎസ്ബി - "വീഞ്ഞിനുഅടിമപ്പെടാത്തവൻ അല്ലെങ്കിൽ മദ്യപൻ അരുത്"; തല്ലുകാ

രൻ അരുത്, സൗമ്യൻ ആകണം; എൻഐവി – "അമിത വീഞ്ഞിനു ഏല്പിക്കപ്പെടാത്തവൻ, അക്രമി അരുത് എന്നാൽ സൗമ്യൻ ആകണം"; എൻആർഎസ്വി – "മദ്യപാനി അരുത്, തല്ലുകാരനും അരുത്."

7. *"ശാന്തൻ, കലഹിക്കാത്തവൻ, ദ്രവ്യാഗ്രഹമില്ലാത്തവൻ"*; കെജെവി – "ക്ഷമാശീലൻ, ശണ്ഠയിടാത്തവൻ, അത്യാഗ്രഹമില്ലാത്തവൻ"; ആർഎസ്വി, എൻആർഎസ്വി – "ശാന്തൻ, വഴക്കിടാത്തവൻ, ദ്രവ്യാഗ്രഹമില്ലാത്തവൻ"; എഎസ്വി – "ശാന്തൻ, കലഹപ്രിയൻ ആകരുത്, ദ്രവ്യാഗ്രഹിയുമരുത്"; എൻഈബി – "ക്ഷമാശീലം ഉള്ളവൻ, വഴക്ക് ഒഴിവാക്കുന്നവൻ"; പിഎച്ച്ഐ – "വിവാദ പുരുഷൻ അരുത്, ദ്രവ്യം – കൈക്കലാക്കണം എന്ന ആഗ്രഹക്കാരൻ ആകരുത്"; എൻഐവി – "വഴക്കിടാത്തവൻ, ദ്രവ്യാഗ്രഹി അല്ലാത്തവൻ."

8. *"സ്വന്ത കുടുംബത്തെ നന്നായി നോക്കുന്നവൻ"*; കെജെവി – "സ്വന്ത കുടുംബത്തെ നന്നായി ഭരിക്കുന്നവൻ"; ആർഎസ്വി, എൻആർ എസ്വി – "സ്വന്ത കുടുംബത്തെ നന്നായി നോക്കണം"; കോൺ – "സ്വന്ത കുടുംബത്തെ നന്നായി ഭരിച്ചുകൊണ്ടിരിക്കുന്നവൻ"; മോഫ് – "ശരിയായി കുടുംബത്തെ നോക്കുന്നവർ"; ബെക്ക് – "സ്വന്ത കുടുംബത്തെ നന്നായി നോക്കണം"; എൻഐവി – "തന്റെ കുടുംബത്തെ നന്നായി കൈകാര്യം ചെയ്യണം."

9. *"അന്തസ്സോടെ മക്കളെ നിയന്ത്രിച്ചു വളർത്തുന്നവനുമാകണം"*; കെജെവി – "എല്ലാ ഗുരുത്വ സ്വഭാവത്തിലും മക്കൾ കീഴ്പ്പെടുവാൻ ശീലിപ്പിക്കുന്നവൻ"; വേ – "തന്റെ മക്കളെ വാസ്തവത്തിൽ അന്തസ്സോടെ നിയന്ത്രിക്കുന്നവൻ"; ആർഎസ്വി, എൻആർഎസ്വി – "എല്ലാ വിധത്തിലും കുട്ടികളെ ബഹുമാനിക്കുവാനും കീഴ്പ്പെട്ടിരിക്കുവാനും ശീലിപ്പിക്കുന്നവൻ"; റ്റിസിഎൻറ്റി – "അയാളുടെ മക്കൾ നിയന്ത്രണത്തിലും, സൽ-സ്വഭാവത്തിലും ആയിരിക്കണം"; എൻഐവി – "അയാളുടെ മക്കൾ ശരിയായ ബഹുമാനത്തോടെ അനുസരിക്കുന്നവർ ആകണം."

10. *"പുതിയ ശിഷ്യൻ അരുത്"*; കെജെവി – "തുടക്കക്കാരൻ അരുത്"; ഏഎസ്വി – "പുതിയ ശിഷ്യൻ അരുത്"; റ്റേ – "ഒരു ... പുതിയ ക്രിസ്ത്യാനി അരുത്"; മോൺ, ആർഎസ്വി, എൻഐവി, എൻആർ എസ്വി – "അടുത്ത സമയത്തു ശിഷ്യനായവൻ അരുത്."

11. *"സഭയ്ക്കു പുറത്തു നല്ല ബഹുമതി ഉള്ളവൻ ആകണം"*; കെജെവി – "കൂടെയല്ലാത്തവരുടെ നല്ല സാക്ഷ്യം കൊണ്ടവൻ ആകണം"; ആർഎസ്വി, എൻആർഎസ്വി – "പുറത്തുള്ളവരാൽ നല്ല അഭിപ്രായമുള്ളവൻ"; റ്റിസിഎൻറ്റി – "പുറത്തുള്ളവർ നല്ലവനെന്നു പറയുന്നവൻ"; എൻഈബി – "അ – ക്രൈസ്തവർക്കിടയിൽ നല്ല ബഹുമതി നേടിയവൻ"; എൻഐവി – "പുറത്തുള്ളവരോടു നല്ല സാക്ഷ്യം കൊണ്ടവൻ ആകണം."

തിത്തൊസ് 1:5–9–ൽ, താഴെ കൊടുത്തിരിക്കുന്ന യോഗ്യതകൾ കാണാം:

1. *"അനിന്ദ്യനായിരിക്കണം"*; കെജെവി, എൻഐവി, ആർഎസ്വി – "കുറ്റമില്ലാത്തവൻ"; റ്റിസിഎൻറ്റി – "നിന്ദിക്കപ്പെടാത്ത സ്വഭാവം"; ഫി – "ചോദ്യം ചെയ്യാനാകാത്ത ആത്മാർത്ഥത"; നോർ – "നിന്ദിക്കുവാൻ പറ്റാത്ത ബഹുമതി."

## ചുരുക്ക വാക്ക് മനസ്സിലാക്കുവാൻ

ഈ പാഠത്തിൽ ഉദ്ധരിച്ചിരിക്കുന്ന തർജ്ജിമകൾ തിരിച്ചറിയുവാൻ താഴെ കൊടുത്തിരിക്കുന്ന കോഡുകൾ സഹായിക്കും:

എഎൽഎഫ് - പുതിയ നിയമം (ഹെൻറി ആൽഫോർഡ്)
ഏഎസ്‌വി - അമേരിക്കൻ സ്റ്റാൻഡാർഡ് വെർഷൻ
ബാസ് - അടിസ്ഥാന ഇംഗ്ലീഷിലുള്ള പുതിയ നിയമം
ബെക്ക് - ഇന്നത്തെ ഭാഷയിലുള്ള പുതിയ നിയമം (വില്യം എഫ്. ബെക്ക്)
ബെർ - ദ ബെർക്ക്‌ലെ വെർഷൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് (ജെറിറ്റ് വെർക്കുയിൽ)
കോൺ - അപ്പൊസ്തലനായ പൗലൊസിന്റെ ലേഖനം (ഡബ്ലിയു. ജെ. കോണിബെയർ)
കെജെവി - ദ കിങ് ജെയിംസ് വെർഷൻ
നോക്സ് - ദ ന്യൂ ടെസ്റ്റമെന്റ് ഇൻ ദ ട്രാൻസ്‌ലേഷൻ ഓഫ് മോൺസിഗ്നർ റൊണാൾഡ് നോക്സ്
മോഫ് - ദ ന്യൂ ടെസ്റ്റമെന്റ്: എ ന്യൂ ട്രാൻസ്‌ലേഷൻ (ജെയിംസ് മൊഫറ്റ്)
മോൺ - ദ സെന്റിനറി ട്രാൻസ്‌ലേഷൻ: ദ ന്യൂ ടെസ്റ്റമെന്റ് ഇൻ, മോഡേൺ ഇംഗ്ലീഷ് (ഹെലെൻ ബാർലെറ്റ് മോൺട്ഗോ മെറി)
എൻഏഎസ്ബി - ദ ന്യൂ അമേരിക്കൻ സ്റ്റാൻഡാർഡ് ബൈബിൾ
എൻഈബി - ദ ന്യൂ ഇംഗ്ലീഷ് ബൈബിൾ
എൻഐവി - ദ ന്യൂ ഇന്റർനാഷ്ണൽ വെർഷൻ
നോർ - ദ ന്യൂ ടെസ്റ്റമെന്റ്: ഏ ന്യു ട്രാൻസ്‌ലേഷൻ (ഒലാഫ് എം. നോർലി)
എൻആർഎസ്‌വി - ദ ന്യു റിവൈസ്ഡ് സ്റ്റാൻഡാർഡ് വെർഷൻ
ഫി - ദ ന്യൂ ടെസ്റ്റമെന്റ് ഇൻ മോഡേൺ ഇംഗ്ലീഷ് (ജെ. ബി. ഫിലിപ്പ്സ്)
ആർഎസ്‌വി - ദ റിവൈസ്ഡ് സ്റ്റാൻഡാർഡ് വെർഷൻ
റ്റേ - ലിവിങ്ങ് ലെറ്റേഴ്സ്: ലേഖനത്തിന്റെ പരാവർത്തനം; ലിവിങ്ങ് ഗോസ്പൽസ്: സമാന്തരപ്രയോഗ സുവിശേഷങ്ങൾ; ലിവിങ്ങ് പ്രോഫെസിസ്: ചെറിയ പ്രവാചകന്മാരുടെ എഴുത്തുകൾ പരാവർത്തനം ചെയ്തതും ദാനിയേലും വെളിപ്പാടും (കെന്നെത്ത് എൻ. ടെയിലർ)
റ്റിസിഎൻറ്റി - ദ ട്വവെന്റിയത്ത് സെഞ്ചറി ന്യൂ ടെസ്റ്റമെന്റ്
വേ - ദ ന്യൂ ടെസ്റ്റമെന്റ് ഇൻ മോഡേൺ സ്പീച്ച് (റിച്ചാർഡ് ഫ്രാൻസിസ് വേമൗത്ത്)
ഡബ്ലിയുഎംഎസ് - ദ ന്യൂ ടെസ്റ്റമെന്റ്: ഏ ട്രാൻസ്‌ലേഷൻ ഇൻ ദ ലാംഗ്വേജ് ഓഫ് ദ പീപിൾ (ചാൾസ് ബി. വില്യംസ്)

2. *"വിശ്വാസികളുള്ള മക്കൾ ഉള്ളവൻ"*; കെജെവി – "വിശ്വസ്ത രായ മക്കൾ ഉള്ളവനാകണം"; ആർഎസ്‌വി – "അയാളുടെ മക്കൾ വി ശ്വാസികൾ ആകണം"; ഏഎസ്‌വി – "വിശ്വസിക്കുന്ന മക്കൾ ഉണ്ടായിരി ക്കണം"; നോക്സ് – "വിശ്വാസത്തെ മുറുകെ പിടിക്കുന്ന മക്കൾ ഉള്ള വൻ ആകണം"; റ്റിസിഎൻറ്റി – "അയാളുടെ മക്കൾ ക്രിസ്ത്യാനികൾ ആകണം"; എൻഐവി – "അയാളുടെ മക്കൾ വിശ്വസിക്കുന്നവർ ആക ണം"; എൻആർഎസ്‌വി – "അയാളുടെ മക്കൾ വിശ്വാസികൾ ആകണം."

3. *"ശാഠ്യമോ അല്ലെങ്കിൽ മത്സരമോ ആരോപിക്കപ്പെടാത്ത [മക്കൾ ഉള്ളവൻ] ആകണം"*; കെജെവി – (വിശ്വസ്തരായ മക്കൾ ഉണ്ടായിരി ക്കയും അവർ) "ക്രമക്കേടോ കുഴപ്പമോ ആരോപിക്കപ്പെടാത്തവർ"; ആർ എസ്‌വി – "വഷളത്വമോ, അനുസരണക്കേടോ ചുമത്താത്തവൻ"; ഫി – "നിയമ ലംഘനം അല്ലെങ്കിൽ അഴിഞ്ഞാട്ട ജീവിതം ആരോപിക്കപ്പെടാ ത്തവൻ"; എൻഐവി – "ക്രൂരനെന്നോ അനുസരണമില്ലാത്തവൻ എന്നോ ആരോപിക്കപ്പെടാത്തവൻ"; എൻആർഎസ്‌വി – "വഷളത്വമോ അല്ലെ ങ്കിൽ മത്സരമോ ആരോപിക്കപ്പെടാത്തവൻ."

4. *"തന്നി - ഷ്ടക്കാരനും, മുൻ - കോപിയും അരുത്"*; കെജെവി – "തന്നിഷ്ടക്കാരനോ, പെട്ടെന്നു കോപിക്കുന്നവനോ അരുത്"; ആർ എസ്‌വി, എൻആർഎസ്‌വി – "അരക്കനോ അല്ലെങ്കിൽ പെട്ടെന്നു–കോപി ക്കുന്നവനോ അരുത്"; എൻഈബി – "അമർത്തുന്നവനോ, പെട്ടെന്നു കോപിക്കുന്നവനോ അരുത്"; നോക്സ് – "കലഹക്കാരൻ അരുത് അല്ലെ ങ്കിൽ ശണ്ഠയിടുന്നവൻ അരുത്"; എൻഐവി – "മുൻകോപി അരുത്, അസഹിഷ്ണുതൻ ആകരുത്."

5. *"മദ്യപിക്കുന്നവനും, തല്ലുകാരനും അരുത്"*; കെജെവി – "വീഞ്ഞിനു അടിമപ്പെടാത്തവൻ, അടിക്കുന്നവനും അരുത്"; മോഫ്, ആർ എസ്‌വി – "മദ്യപനോ അക്രമകാരിയോ അരുത്"; കോൺ – "മദ്യത്തെ പ്രിയപ്പെടുന്നവനോ, ഉപദ്രവകാരിയോ അരുത്"; എൻഐവി – "അധികം വീഞ്ഞിനു അടിമപ്പെടാത്തവനോ, അക്രമിയോ അരുത്"; എൻആർ എസ്‌വി– "വീഞ്ഞിനു അടിമപ്പെടാത്തവനും അക്രമിക്കാത്തവനും."

6. *"ദുരാഗ്രഹി ആകരുത്"*; കെജെവി – "മോശമായ ധനാഗമം നട ത്താത്തവൻ"; ആർഎസ്‌വി, എൻആർഎസ്‌വി – "ദുരാഗ്രഹി അരുത്"; അല്ലെങ്കിൽ – "ദുരാദായം പ്രതീക്ഷിക്കാത്തവൻ"; റ്റിസിഎൻറ്റി – "അല്ലെ ങ്കിൽ ചോദ്യം ചെയ്യാവുന്ന പണം–ഉണ്ടാക്കാൻ പാടില്ല"; മോഫ് – "മോഷ ണത്തിനു അടിമപ്പെടരുത്"; എൻഐവി – "സത്യസന്ധമല്ലാത്ത നിലയി ലുള്ള ധന സമ്പാദനലക്ഷ്യമില്ലാത്തവൻ."

7. *"അതിഥികളെ സൽക്കരിക്കുന്നവൻ, സൽഗുണപ്രിയനും"*; കെജെവി – "അതിഥിപ്രിയനും, സൽഗുണപ്രിയനും"; ആർഎസ്‌വി, എൻ ആർഎസ്‌വി – "അതിഥികളെ കൈക്കൊള്ളുന്നവനും, സൽഗുണപ്രിയ നും"; ബാസ് – "തന്റെ ഭവനം അതിഥികൾക്കു സൗജന്യമായി തുറന്നു കൊടുക്കുന്നവനും, സൽഗുണമായതിനെ ഇഷ്ടപ്പെടുന്നവനും"; എൻ ഈബി – "അതിഥികളെ സ്വീകരിക്കുന്നവനും, ശരിയായ മനമുള്ളവ നും"; എൻഐവി – "അതിഥികളെ സ്വീകരിക്കുന്നവനും, സൽഗുണമാ യത് ഇഷ്ടപ്പെടുന്നവനും."

8. “*സുബോധമുള്ളവനും, നീതിമാനും, നിർമ്മലനും, ജിതേന്ദ്രിയനും*”; കെജെവി – “വെളിവും, നീതിയും, നിർമ്മലവും, ഇന്ദ്രിയ നിയന്ത്രണവും ഉള്ളവൻ”; ആർഎസ്‌വി – “തന്നെത്തന്നെ നിയന്ത്രിക്കുന്നവനും, നീതിമാനും, നിർമ്മലനും, ഇന്ദ്രിയ–ജയമുള്ളവനും”; റ്റിസിഎൻറ്റി – “വിവേകമുള്ളവനും, നീതിമാനും, വിശുദ്ധനും ഇന്ദ്രിയ–ജയമുള്ളവനും”; എൻഐവി – “ഇന്ദ്രിയ–ജയമുള്ളവനും, നീതിമാനും, നിർമ്മലനും, അച്ചടക്കമുള്ളവനും”; എൻആർഎസ്‌വി – “വിവേകമുള്ളവൻ, നീതിമാൻ, ഭക്തൻ, ജിതേ – ന്ദ്രിയൻ.”

9. “*ഉപദേശപ്രകാരമുള്ള വിശ്വാസ്യവചനം മുറുകെ പിടിക്കുന്നവനും*”; കെജെവി – “അയാളെ ഉപദേശിച്ച വിശ്വാസ്യ വചനത്തെ മുറുകെ പിടിക്കുന്നവനും”; ആർഎസ്‌വി – “ഉപദേശിച്ച തീർച്ചയുള്ള വചനത്തെ ഉറപ്പോടെ പിടിക്കുന്നവൻ”; ഡബ്ലിയുഎംഎസ് – “വിശ്വാസസന്ദേശത്തെ തുടർച്ചയായി പറ്റിപിടിക്കുന്നവൻ ...”; എൻഐവി – “ഉപദേശിച്ചതായ വിശ്വാസ്യമായ സന്ദേശത്തെ മുറുകെ പിടിക്കുന്നവൻ”; എൻആർഎസ്‌വി – “ഉപദേശപ്രകാരമുള്ള വിശ്വാസ്യ വചനത്തെ ഉറപ്പായി ഗ്രഹിക്കുന്നവൻ.”

ഈ യോഗ്യതകളെ പല തലക്കെട്ടുകൾക്കു കീഴിൽ കൊണ്ടു വരാം. ഡിക്ക് മാർസിയർ അതിൽ ആറു തരംതിരിവുകൾ കാണുകയുണ്ടായി:

> 1. *സാമൂഹ്യ യോഗ്യതകൾ.* അവൻ “അനിന്ദ്യൻ ആയിരിക്കണം” (1 തിമൊഥെയൊസ് 3:2). അയാളെക്കുറിച്ചു നല്ല അഭിപ്രായം ഉണ്ടായിരിക്കണം എന്നാൽ, ആരെങ്കിലും അയാളുടെ സ്വഭാവത്തിനെ തിരായി പറഞ്ഞാൽ അതു മറ്റാരും വിശ്വസിക്കയില്ല. കൂടാതെ, അയാൾക്ക് “പുറത്തുള്ളവരിൽ നിന്നു നല്ല ബഹുമതി” ഉണ്ടായിരിക്കണം (1 തിമൊഥെയൊസ് 3:2). മൂപ്പനായി ശുശ്രൂഷ ചെയ്യുന്ന ആൾ ആജ്ഞാപിക്കുന്നതു സഭയിലുള്ള വിശ്വാസികളും പുറത്തുള്ളവരും ഒരുപോലെ ബഹുമാനിക്കുന്നവൻ ആകണം.
>
> 2. *സ്വഭാവ യോഗ്യതകൾ.* അയാൾ “സമചിത്തനും, ജി – തേന്ദ്രിയനും, ബഹുമാനിക്കുന്നവനും” ആകണം (1 തിമൊഥെയൊസ് 3:2). അയാൾ “വീഞ്ഞിനു അടിമപ്പെടരുത്” (1 തിമൊഥെയൊസ് 3:3). ...
>
> 3. *മാനസിക യോഗ്യതകൾ.* അയാൾ “അച്ചടക്കം ഉള്ളവൻ” ആകണം (തിത്തൊസ് 1:8). അയാൾ “ഉപദേശിപ്പാൻ കഴിവുള്ളവൻ” ആകണം (1 തിമൊഥെയൊസ് 3:2). ഒരാൾ ഉപദേശിക്കുന്നതിനു മുൻപു, ഉപദേശിക്കപ്പെടണം. ... ഈ അറിവിനാലും മാനസിക വികാസത്താലും അയാൾക്കു “മറ്റുള്ളവരെ പത്ഥ്യോപദേശത്താൽ പ്രബോധിപ്പിക്കുവാൻ” കഴിയും (തിത്തൊസ് 1:9).
>
> 4. *വ്യക്തിത്വ യോഗ്യതകൾ.* ഒരാളിൽ എല്ലാ “വസ്തുതകളും,” കണ്ടേക്കാം എന്നാൽ അയാളിൽ ക്രിസ്തുവിനെ കാണിച്ചു കൊടുപ്പാൻ കഴിയുന്നില്ലെങ്കിൽ, അയാൾ ദൈവം ആഗ്രഹിക്കുന്ന ഒരു അദ്ധ്യക്ഷൻ അല്ല. അയാൾ “ശാന്തനും ... കലഹിക്കാത്തവനും” ആകണം (1 തിമൊഥെയൊസ് 3:3). അയാൾ “ധിക്കാരം ഉള്ളവനോ, പെട്ടെന്നു കോപിക്കുന്നവനോ ... അക്രമിയോ അരുത്” (തിത്തൊസ് 1:7).
>
> 5. *കുടുംബയോഗ്യതകൾ.* പൗലൊസിന്റെ ചോദ്യം, “ഒരാൾക്കു

തന്റെ കുടുംബം നന്നായി നോക്കി നടത്തുവാൻ അറിയില്ലെങ്കിൽ, അയാൾ ദൈവത്തിന്റെ സഭയെ എങ്ങനെ നയിക്കും?" (1 തിമൊഥെയൊസ് 3:5). ...

6. *പരിചയ യോഗ്യതകൾ.* അയാൾ "പുതിയ ശിഷ്യൻ" ആകരുത് (1 തിമൊഥെയൊസ് 3:6). എൻഐവി പറയുന്നു "അടുത്ത സമയത്തു ശിഷ്യനായവൻ" ആകരുത്. ഒരു വിത്ത് വേരൂന്നി, വളർന്നു ചെടിയാകണം, എങ്കിലേ ഫലം കായ്ക്കയുള്ളൂ. ഒരു മൂപ്പൻ ആയി വളരുവാൻ സമയം എടുക്കും.[2]

**യോഗ്യതകൾ പ്രായോഗികമാക്കൽ**

രണ്ടു പട്ടികകളെ സംബന്ധിച്ചും ചോദ്യങ്ങൾ നിലനില്ക്കുന്നു. ചിലർ വിചാരിക്കുന്നതു പൗലൊസിന്റെ കാലത്തുപോലും ആ സ്വഭാവങ്ങളെ "യോഗ്യതകൾ" ആയി കണക്കാക്കിയിരുന്നു എന്നാണ്. ഒന്നാം നൂറ്റാണ്ടിലെ മൂപ്പന്മാർക്കു അവ ആവശ്യമായിരുന്നു എന്നാൽ ഇന്ന് ആവശ്യമില്ല എന്നു ചിലർ വിശ്വസിക്കുന്നു. തിമൊഥെയൊസിലും തിത്തൊസിലും ഉള്ള പട്ടികയിൽ അന്യോന്യം യോജിക്കാത്തതുകൊണ്ടു, അവ ഔദ്യോഗിക യോഗ്യതകളായി എടുക്കുന്നതിനുപകരം, പൊതുവായ വഴികാട്ടിയായോ സൂചനകളായോ എടുത്തിരിക്കാം എന്നു വിശ്വസിക്കുന്നവരും ഉണ്ട്. മൂപ്പൻ ആകേണ്ടതിനുള്ള യോഗ്യതകൾ ആയ പട്ടികയാണ് നല്കിയിരിക്കുന്നതെന്നു വിശ്വസിക്കുന്നവർക്കിടയിലും, അഭിപ്രായ വ്യത്യാസങ്ങൾ നിലനില്ക്കുന്നുണ്ട്. "വിശ്വാസികളായ മക്കൾ" ഉണ്ടാവുക എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം എന്താണ്? "ഏക ഭാര്യയുടെ ഭർത്താവു" എന്നു പറഞ്ഞതിന്റെ അർത്ഥം എന്ത്? എപ്പോഴാണ് ഒരു മൂപ്പൻ "ഉപദേശിപ്പാൻ സമർത്ഥനാകുന്നത്"?

മൂപ്പന്മാരുടെ യോഗ്യതകളെ കുറിച്ചു വിവാദം ഉയരുമ്പോൾ, ഇടവക എന്തു ചെയ്യണം? ഈ ചോദ്യങ്ങളെ ക്രിസ്ത്യാനികൾ നേരിടുവാൻ സഹായകരമായ ചില നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ കൊടുത്തിരിക്കുന്നു.

*ആദ്യ യോഗ്യത - അതു മറ്റെല്ലാറ്റിനും അടി വരയിടുന്നു - അതു സൂചിപ്പിക്കുന്നതു ഒരു മൂപ്പൻ വിശ്വസ്തനായ ക്രിസ്ത്യാനി ആകണം എന്നാണ്.* ഒരു ഇടവക മറ്റു ചോദ്യങ്ങൾ ചർച്ച ചെയ്തു കൊണ്ടിരിക്കുന്നതിനാൽ അംഗങ്ങൾ ചോദിക്കുവാൻ മറക്കുന്ന മുഖ്യമായ ചോദ്യമുണ്ട്: "അയാൾ കർത്താവിന്റെ സഭയിൽ വിശ്വസ്തനായ ഒരംഗമാണോ?"

*ചിലപ്പോൾ നാം ഒരു മൂപ്പനു ആടുകളെ നയിച്ചു കൊണ്ടു പോകുവാനുള്ള കഴിവിനെ സഹായിക്കാത്ത മറ്റു യോഗ്യതകളെ കൂടുതൽ പ്രാധാന്യത്തോടെ കണക്കാക്കുന്നതായി കാണാറുണ്ട്.* ചില യോഗ്യതകൾക്കു ഊന്നൽ കൊടുത്തുകൊണ്ടു മറ്റുള്ളവയെ കാണാതിരിക്കുന്ന പ്രവണത നമുക്കു ഒഴിവാക്കാം.

*ആ യോഗ്യതകളിൽ മിക്കതും എല്ലാ ക്രിസ്ത്യാനികളിലും കാണേണ്ടവയാണ്.* ഈ പാഠത്തിലെ ചാർട്ട് പരിഗണിക്കുക. മറ്റു ക്രിസ്ത്യാനികളിൽ നിന്നും ഉയർന്ന നിലവാരത്തിലേക്ക് മൂപ്പൻമാരെ ഉയർത്തിയിട്ടില്ല. മറിച്ചു, അയാൾ, ഒരു വലിയ അളവുവരെ, മറ്റു ക്രിസ്ത്യാനികൾ

അപ്പോഴും എത്തുവാൻ പരിശ്രമിക്കുന്ന ആത്മിയ പക്വത ആർജ്ജിച്ച വിശ്വസ്തനായ ഒരു ക്രിസ്ത്യാനിയാണ്.

*യോഗ്യതകളിൽ പലതും അളവിനെ കുറിച്ചുള്ള വിഷയമാണ്.* നാമെല്ലാം പാപങ്ങളും തെറ്റുകളും ചെയ്യുന്നവരാകകൊണ്ട്, മൂപ്പന്മാർ 100 ശതമാനവും "വിവേകവും, ബഹുമാനവും, ഭക്തിയും, ഇന്ദ്രിയ-ജയവും" ഉള്ളവരാണെന്ന് പ്രതീക്ഷിക്കാമോ? 100 ശതമാനം ഭക്തി ഉള്ളവരാകുക, എന്നതാണോ ഒന്നിച്ചായിരിക്കുക എന്നതിന്റെ അർത്ഥം? അതുകൊണ്ടു മൂപ്പന്മാരിലോ, മറ്റേതൊരു അംഗത്തിലോ, ആ സ്വഭാവങ്ങളിൽ ഏതെങ്കിലും ഒന്ന് തികച്ചും ഉണ്ടാകുമെന്നു പ്രതീക്ഷിക്കരുത്. മറിച്ചു, മൂപ്പനിൽ വലിയ ഒരളവുവരെ, അവ ഉണ്ടാകണമെന്നു നാം പ്രതീക്ഷിക്കുന്നു. അപ്പോഴും, അതിനെ യോഗ്യതകൾ അപ്രധാനമാണ് എന്നുള്ള അർത്ഥത്തിൽ എടുക്കരുത്. യോഗ്യതകൾ പലപ്പോഴും അളവിന്റെ കാര്യമാണെങ്കിലും, മൂപ്പനിൽ അവ ശ്രദ്ധിക്കത്തക്കതായി ഉണ്ടാവണം.

*ആ യോഗ്യതകൾക്കു പിന്നിൽ ഉള്ള ഉദ്ദേശത്തെ നാം നോക്കി കാണണം.* ചിലതിൽ ഉദ്ദേശം നല്കിയിട്ടുണ്ട്. മൂപ്പൻ "സ്വന്ത കുടുംബത്തെ നന്നായി നോക്കണം, ..." (1 തിമൊഥെയൊസ് 3:4). എന്തുകൊണ്ട്? "ഒരാൾക്കു സ്വന്ത കുടംബത്തെ കൈകാര്യം ചെയ്യുവാനറിയില്ലെങ്കിൽ, ദൈവത്തിന്റെ സഭയെ അയാൾ എങ്ങനെ നയിക്കും?" (1 തിമൊഥെയൊസ് 3:5). അവൻ "ഒരു പുതിയ ശിഷ്യൻ" ആയിരിക്കരുത്. എന്തുകൊണ്ടു? അയാൾ അടുത്ത സമയത്തു പരിവർത്തനം ചെയ്ത ആളാണെങ്കിൽ, അയാൾ "നിഗളിച്ചിട്ടു" "പിശാചിനു വന്ന ശിക്ഷാവിധിയിൽ വീഴുവാൻ" ഇടയുണ്ട് (1 തിമൊഥെയൊസ് 3:6). അയാൾക്ക് "സഭയ്ക്കു പുറത്തുള്ളവരുമായി നല്ല സാക്ഷ്യം ഉണ്ടാവണം." എന്തുകൊണ്ട്? അല്ലെങ്കിൽ, അയാൾ "പിശാചിന്നു വന്ന ശിക്ഷാവിധിയിൽ വീഴും" (1 തിമൊഥെയൊസ് 3:7). അയാൾ "വിശ്വാസ്യ വചനം മുറുകെ പിടിക്കണം." എന്തുകൊണ്ട്? "അല്ലെങ്കിൽ പത്ഥ്യോപദേശത്താൽ പ്രബോധിപ്പിപ്പാനും വിരോധികൾക്കു ബോധം വരുത്തുവാനും കഴിയുകയില്ല" (തിത്തൊസ് 1:9). ഉദ്ദേശം പ്രത്യേകമായി എടുത്തു പറഞ്ഞില്ലെങ്കിൽ പോലും, നാം അതു നിർണ്ണയിക്കണം.

ഓരോ യോഗ്യതയുടെയും കാരണം പരിഗണിക്കുന്നത് നമ്മുടെ തീരുമാനങ്ങളെ ബാധിച്ചേക്കാം. ഉദാഹരണത്തിനു, യോഗ്യതക്കു പിന്നിലുള്ള ഉദ്ദേശം ചിന്തിച്ചാൽ വിശ്വാസികളായ മക്കൾ ഉണ്ടായിരിക്കേണ്ടതിന് (തിത്തൊസ് 1:6) ഒരു കുട്ടിയുടെ അപ്പനാകുവാനുള്ള ഒരാളുടെ കഴിവുമായി ബന്ധമില്ല എന്നു മനസ്സിലാകും; അതുകൊണ്ടു ദൈവേഷ്ടപ്രകാരം ജീവിക്കുന്നതിന് ഒരു ദത്തെടുത്ത കുട്ടിയെ (അല്ലെങ്കിൽ കുഞ്ഞുങ്ങളെ) അല്ലെങ്കിൽ ഒരു അനാഥ കുട്ടിയെ (കുട്ടികളെ) വളർത്തുന്ന ഒരാളുടെ കഴിവ് ആ ആവശ്യത്തെ നിറവേറ്റുന്നതാണ്.

*ഈ യോഗ്യതകളെ സംബന്ധിച്ചുള്ള രണ്ട് അറ്റങ്ങളെ നാം ഒഴിവാക്കേണ്ടതുണ്ട്: അവ വളരെ കർശനമായി പ്രായോഗികമാക്കുമ്പോൾ "എന്തെങ്കിലും കാണും" എന്നു പറഞ്ഞുകൊണ്ട് ഒരു മനുഷ്യനും ഒരിക്കലും യോഗ്യരാകുവാൻ കഴിയുകയില്ല.* ചിലർ അസാധ്യമായ നിലവാരം

വെക്കും, അവർ യഥാർത്ഥത്തിൽ വിശ്വസിക്കുന്നത് ഒരു തെറ്റും ചെയ്യാത്ത തികഞ്ഞ വ്യക്തിയായിരിക്കണം മൂപ്പൻ എന്നാണ്. അതിനർത്ഥം ബൈബിൾ കാലയളവിൽ അല്ലെങ്കിൽ ഇപ്പോഴത്തെ കാലയളവിൽ, ആ യോഗ്യതകൾ ആരിലും ഉണ്ടായിരുന്നില്ല എന്നാണ്. മൂപ്പൻ "ഉപദേശിപ്പാൻ സമർത്ഥൻ," ആയിരിക്കണം എന്നു പറഞ്ഞിരിക്കകൊണ്ട് മൂപ്പൻ ആകാൻ പോകുന്ന ആൾ ഒരു നല്ല പ്രാസംഗികൻ അല്ലെങ്കിൽ സുവിശേഷകൻ ആകണം എന്നു ചിലർ വിശ്വസിക്കുന്നു.

മറ്റുള്ളവർക്കു ഒരു നിലവാരവും ഇല്ലാത്തമട്ടാണ്. അവർ വിചാരിക്കുന്നതു ക്രിസ്ത്യാനിയായ ഒരു പുരുഷൻ വിവാഹം കഴിക്കുകയും അവർക്കു മക്കൾ ഉണ്ടാകുകയും അവർ വലുതായി സ്നാനമേല്ക്കുകയും ചെയ്താൽ, അയാൾക്കു മറ്റു യോഗ്യതകൾ ഉണ്ടെങ്കിലും ഇല്ലെങ്കിലും, അയാൾ സ്വാഭാവികമായും മൂപ്പൻ ആകാൻ യോഗ്യനാണെന്നാണ്. അവർ "ആ ജോലിയിൽ പക്വതയിലേക്കു വളർന്നു കൊള്ളും" എന്നു കരുതി, ഇടവകകൾ യോഗ്യതയില്ലാത്തവരെ മൂപ്പന്മാരാക്കുന്നുണ്ട്. ചില ഇടവകകളിൽ, മൂപ്പന്മാരെ നിയമിക്കുന്നതു സമൂഹത്തിൽ സ്വാധീനം അല്ലെങ്കിൽ പ്രചാരം ലഭിക്കുന്നതിനുള്ള സമ്മാനം ആയിട്ടാണ്, ആത്മിയ യോഗ്യതകൾ പരിഗണിക്കാതെ അവർ സാമൂഹ്യ അംഗീകാരവും സ്വാധീനവുമാണ് നോക്കുന്നത്.

വളരെ കർശനമായ ഒരറ്റത്തിനും, അതിരുകളെയെല്ലാം അവഗണിച്ചു കൊണ്ടുള്ള മറ്റേ അറ്റത്തിനും, ഇടയിൽ നിന്ന് അപൂർണ്ണരായവരും, എന്നാൽ യഥാർത്ഥ യോഗ്യതയുള്ളവരും ആയവരെ, മൂപ്പന്മാരായി കണ്ടെത്തി നിയമിക്കുവാൻ, സഭയ്ക്കു കഴിയും.

*അവസാനം മൂപ്പന്മാരായി നിയമിക്കുവാൻ യോഗ്യതകൾ ഉള്ളവരെ നിർണ്ണയിക്കുവാൻ അതാതു ഇടവകകൾക്കു വിട്ടു കൊടുക്കുക.* ഇടവക സ്വയം ഭരണരീതി എന്തെങ്കിലും അർത്ഥമാക്കുന്നു എങ്കിൽ, അതിനർത്ഥം ആ ഇടവകയ്ക്ക് (1) "വിശ്വാസികളുള്ള മക്കൾ ഉണ്ടായിരിക്കണം," "ഏകഭാര്യയുടെ ഭർത്താവു," ആയിരിക്കുക കൂടാതെ "ഉപദേശിക്കാൻ കഴിവുള്ളവർ," ആയി തീരുക എന്നിവയുടെ അർത്ഥത്തെ സംബന്ധിച്ച് സ്വന്തം തീരുമാനങ്ങൾ എടുക്കുവാനും മറ്റു യോഗ്യതകളിൽ ഉൾപ്പെടുന്നത് എന്താണെന്ന്, തീരുമാനിക്കുവാനുമുള്ള അവകാശം ഉണ്ട്, കൂടാതെ (2) അതിലെ അംഗങ്ങളെയും അതിനാവശ്യമായ യോഗ്യതകളെയും കുറിച്ചുള്ള അറിവിന്റെ അടിസ്ഥാനത്തിൽ ഇടവകയ്ക്ക് പുരുഷന്മാരെ തിരഞ്ഞെടുത്ത് മൂപ്പന്മാരായി നിയമിക്കാൻ അവകാശം ഉണ്ട്.

### നേതൃത്വയോഗ്യതകളും മൂപ്പന്മാരുടെ യോഗ്യതകളും താരതമ്യം ചെയ്യൽ

ഈ യോഗ്യതകൾ എങ്ങനെ ഇന്നത്തെ നേതൃത്വ സ്വഭാവങ്ങൾക്ക് ശുപാർശ ചെയ്യുവാൻ കഴിയും? "നേതൃത്വത്തിന്റെ പത്തു സ്വഭാവങ്ങൾ" ജെയിംസ് വിൽബൺ[1] തന്റെ പുസ്തകത്തിൽ ചർച്ച ചെയ്യുന്നുണ്ട്: (1) അദ്ധ്യക്ഷൻ ആകുവാനുള്ള ആഗ്രഹം, (2) താല്പര്യം, (3) ആത്മ-വിശ്വാസം, (4) താഴ്മ, (5) വളരുന്ന സ്വഭാവം, (6) വീക്ഷണം, (7) ജ്ഞാനം, (8) പങ്കിടുവാനുള്ള മനോഭാവം, (9) ഭാവന, (10) നിർണ്ണായകത്വം.

**മൂപ്പന്മാരിൽ ഉണ്ടാകേണ്ടതു, എല്ലാ ക്രിസ്ത്യാനികളിലും ഉണ്ടാകണം**

| മൂപ്പന്മാർ | സ്വഭാവം | എല്ലാ ക്രിസ്ത്യാനികളും |
|---|---|---|
| *1 തിമൊഥെയൊസ് 3:2* | *അനിന്ദ്യൻ (കുറ്റമില്ലാത്തവൻ)* | *1 തിമൊഥെയൊസ് 5:7; 6:14* |
| *1 തിമൊഥെയൊസ് 3:2* | *ജാഗ്രതയുള്ള (കരുതലുള്ള)* | *1 പത്രൊസ് 1:13; 4:7; 5:8* |
| *1 തിമൊഥെയൊസ് 3:2* | *വിവേകമുള്ള (സുബോധമുള്ള; ഗൗരവമുള്ള)* | *തിത്തൊസ് 2:2, 5; റോമർ 12:3* |
| *1 തിമൊഥെയൊസ് 3:2* | *അതിഥിപ്രിയൻ* | *റോമർ 12:13; എബ്രായർ 13:2* |
| *1 തിമൊഥെയൊസ് 3:2* | *ഉപദേശിപ്പാൻ കഴിവുള്ളവൻ* | *എബ്രായർ 5:12* |
| 1 തിമൊഥെയൊസ് 3:3 | *വീഞ്ഞിനു അടിമ പ്പെടാത്തവൻ (മദ്യപൻ അരുത്)* | തിത്തൊസ് 2:3; എഫെസ്യർ 5:18 |
| 1 തിമൊഥെയൊസ് 3:3 | *ശാന്തൻ (ക്ഷമയുള്ളവൻ)* | ഫിലിപ്പിയർ 4:5; കൊലൊസ്യർ 3:13; തിത്തൊസ് 3:2 |
| 1 തിമൊഥെയൊസ് 3:3 | *ശണ്ഠയിടാത്ത (വഴക്കിടാത്ത; കലഹിക്കാത്ത)* | യാക്കോബ് 4:2; 2 തിമൊഥെയൊസ് 2:24 |
| 1 തിമൊഥെയൊസ് 3:3 | *ദ്രവ്യാഗ്രഹം ഇല്ലാത്തവൻ* | 1 തിമൊഥെയൊസ് 6:10; 2 തിമൊഥെയൊസ് 3:2 |
| 1 തിമൊഥെയൊസ് 3:4 | *കീഴ്പ്പെടുന്ന, ബഹുമാനിക്കുന്ന മക്കൾ* | എഫെസ്യർ 6:1-4 |
| 1 തിമൊഥെയൊസ് 3:7 | *പുറമെയുള്ളവരാൽ നല്ല സാക്ഷ്യ മുള്ളവൻ* | 1 പത്രൊസ് 2:12-16 |
| തിത്തൊസ് 1:8 | *നീതിമാൻ (ന്യായമുള്ളവൻ)* | കൊലൊസ്യർ 4:1 |
| തിത്തൊസ് 1:8 | *ഭക്തിയുള്ള (നിർമ്മലൻ)* | എഫെസ്യർ 4:24; 1 തിമൊഥെയൊസ് 2:8 |
| തിത്തൊസ് 1:8 | *ജി - തേന്ദ്രിയൻ (അച്ചടക്കമുള്ളവൻ)* | ഗലാത്യർ 5:23 |

കെന്നെത്ത് ഗാഞ്ചൽ തന്റെ പുസ്തകത്തിൽ മറ്റൊരു അറിവ് ഉദ്ധരിച്ചു, അതിൽ **"അഞ്ചു പ്രാഥമികവും ആറു രണ്ടാംതരവുമായ നേതൃത്വത്തിന്റെ ഘടകങ്ങൾ"** വിവരിക്കുന്നുണ്ട്:

> ... ലേഖകന്മാർ ... പ്രാഥമികമായ വസ്തുതകളെ നിർവ്വചിക്കുന്നത് മറ്റൊരാളുടെ വ്യക്തിത്വവുമായി താദാത്മ്യം നേടുവാനുള്ള കഴിവു, അംഗത്വം സംഘടിപ്പിക്കുക, പരിഗണന, തിളച്ചു മറിയൽ (സംസാരിപ്പാനുള്ള കഴിവു, സന്തോഷം, പ്രസന്നത, താല്പര്യം, പ്രകടിപ്പിക്കുവാനുള്ള കഴിവു, ഉണർവ്വു, സ്വാഭാവികത), എന്നിവയും വൈകാരികമായ ഉറപ്പും ആണ്.
>
> രണ്ടാം തരത്തിലുള്ള സ്വഭാവത്തിൽ ഉൾപ്പെട്ടിരിക്കുന്നത് നേതൃത്വത്തിനുള്ള വാഞ്ഛ, ബുദ്ധി, കാര്യക്ഷമത, സ്ഥിരത, ആത്മ - വിശ്വാസം, എന്നിവയും നേതൃത്വം പങ്കിടുവാനുള്ള കഴിവുമാണ്.[4]

ഈ ലിസ്റ്റുകൾ 1 തിമൊഥെയൊസിലും തിത്തൊസിലും നൽകിയിരിക്കുന്ന ലിസ്റ്റുമായി താരതമ്യം ചെയ്താൽ, സാമ്യങ്ങളേക്കാൾ കൂടുതൽ വ്യത്യാസങ്ങൾ ആണെന്നു കാണാം.[5] ഉദാഹരണമായി, പൗലൊസ് മൂപ്പന്മാർക്കു താല്പര്യം, ഭാവന, ആത്മ - വിശ്വാസം, വീക്ഷണം, ബുദ്ധി, അല്ലെങ്കിൽ പ്രകടിപ്പിക്കുവാനുള്ള കഴിവു എന്നിവ വേണമെന്നു പറഞ്ഞില്ല. അതിലുപരിയായി, ബിസിനസ് അല്ലെങ്കിൽ സ്പോർട്സ് അല്ലെങ്കിൽ സൈന്യം എന്നിവയിൽ ഉള്ള നേതൃത്വ സ്വഭാവങ്ങളെ നാം ഒന്നൊന്നായി രേഖപ്പെടുത്താൻ ശ്രമിച്ചാൽ, അതിലെ ഏതു പ്രത്യേകത നാം ഉൾപ്പെടുത്തും? ആത്മാർത്ഥമായി പറഞ്ഞാൽ, 1 തിമൊഥെയൊസ് 3 ലും തിത്തൊസ് 1 ലും ഉള്ള യോഗ്യതകളും സ്വഭാവങ്ങളും ഒരുപക്ഷെ നമ്മുടെ ലിസ്റ്റിൽ കാണുകയില്ല.

ഇതിൽ നിന്നും നമുക്കു അനുമാനിക്കാവുന്നതെന്ത്? *ചില തരം നേതൃത്വം ചില തരത്തിലുള്ള പുരുഷന്മാരെ തിരഞ്ഞെടുക്കുന്നതിനു* ഉദ്ദേശിച്ചുള്ളതാണ് 1 തിമൊഥെയൊസ് 3 ലും തിത്തൊസ് 1 ലും കൊടുത്തിരിക്കുന്ന യോഗ്യതകൾ എന്നു ചുരുക്കി പറയാം. അതിൽ പറയുന്നതു ഈ യോഗ്യതകൾ ഉള്ളവർ മറ്റേതൊരു നേതൃത്വത്തിനും അർഹരാണെന്നു കരുതരുത്, അതുപോലെ മറ്റു നേതൃത്വത്തിന് യോഗ്യരായവർ ഈ നേതൃത്വത്തിനു അർഹരാണ് എന്നും കരുതരുത്! അതു മനസ്സിലാക്കിയാൽ നമുക്കു രണ്ടു തെറ്റുകൾ ഒഴിവാക്കാം: (1) ചിലർ മറ്റു മേഖലകളിൽ നായകന്മാരല്ലാത്തതുകൊണ്ട് യോഗ്യരല്ല എന്നു കരുതുന്നത്, കൂടാതെ (2) മറ്റു മേഖലകളിൽ നായകന്മാരായതുകൊണ്ട് ചിലർ യോഗ്യരാണ് എന്നു കരുതുന്നത്.

### മൂപ്പന്മാരെ നിയമിക്കൽ

പ്രാദേശിക സഭയിൽ യോഗ്യരായ പുരുഷന്മാരെ മൂപ്പന്മാരായി തിരഞ്ഞെടുത്ത് ശുശ്രൂഷിപ്പാൻ നിയമിക്കേണ്ടതിനു ഏതു രീതിയാണ് സ്വീകരിക്കേണ്ടത്? ഒരു കാര്യത്തിൽ പുതിയ നിയമം സൂചിപ്പിക്കുന്നത് ഒരു സുവിശേഷകനെ (തിത്തൊസ്) നിയോഗിക്കുവാൻ, അല്ലെങ്കിൽ വേർതി

രിക്കുവാൻ, മൂപ്പന്മാരും (തിത്തൊസ് 1:5) മറ്റൊരു സംഭവത്തിൽ ഒരു അപ്പൊസ്തലനും തന്റെ സഹപ്രവർത്തകനും (പൗലൊസും ബർന്നബാസും) മൂപ്പന്മാരെ നിയമിച്ചിട്ടുണ്ട് (പ്രവൃത്തികൾ 14:23). എങ്ങനെയായാലും, അവർ മൂപ്പന്മാരായി നിയമിക്കപ്പെടുമ്പോൾ, അതിനെ തുടർന്നുള്ള പ്രത്യേക നടപടി വെളിപ്പെടുത്തിയിട്ടില്ല. ഒരുപക്ഷെ, ആ നടപടിയിൽ പ്രാദേശിക സഭയെ ഉൾപ്പെടുത്താതെ അവർക്ക് സ്വയമായി മൂപ്പന്മാരെ തീരുമാനിക്കുവാൻ കഴിയുകയില്ല.

എങ്ങനെയാണ് മൂപ്പന്മാരെ തിരഞ്ഞെടുക്കുക? പുതിയ നിയമം ആ ചോദ്യത്തിനു പ്രത്യേകമായ ഉത്തരം നല്കുന്നില്ല, എന്നാൽ പ്രവൃത്തികൾ 6–ൽ, പുരുഷന്മാരെ സഭയിലെ ചില പ്രത്യേക പ്രവൃത്തിക്കായി തിരഞ്ഞെടുത്ത, ഒരു മാതൃക പറയുന്നുണ്ട്. ആ കാര്യത്തിൽ ഇതാണ് സംഭവിച്ചത്: (1) ആ പ്രവൃത്തിക്കു തിരഞ്ഞെടുത്ത പുരുഷന്മാർക്കു വേണ്ട യോഗ്യതകൾ നിശ്ചയിച്ചത് അപ്പൊസ്തലന്മാരാണ്: "പന്തിരുവർ ശിഷ്യന്മാരുടെ കൂട്ടത്തെ വിളിച്ചു വരുത്തി പറഞ്ഞു, ... 'സഹോദരന്മാരേ, ആത്മാവും ജ്ഞാനവും നിറഞ്ഞു, നല്ല സാക്ഷ്യമുള്ള, ഏഴു പുരുഷന്മാരെ നിങ്ങളിൽ തന്നേ തിരഞ്ഞുകൊൾവിൻ, അവരെ ആ വേലക്കു ആക്കാം'" (പ്രവൃത്തികൾ 6:2, 3). (2) സഭ മുഴുവനും ചേർന്നാണ് ആ യോഗ്യതകളുള്ള പുരുഷന്മാരെ അവരിൽ നിന്നു തിരഞ്ഞെടുത്തത്: "ഈ വാക്ക് കൂട്ടത്തിനു ഒക്കെയും ബോധ്യമായി; അവർ അങ്ങനെ ... [ഏഴു പുരുഷന്മാരെ] തിരഞ്ഞെടുത്തു" (പ്രവൃത്തികൾ 6:5). (3) അവരെ ഏല്പിച്ച ജോലിക്കായി, അപ്പൊസ്തലന്മാർ, അവരുടെ മേൽ കൈവെച്ചാക്കി (അല്ലെങ്കിൽ നിയമിച്ചു): "അവരെ തിരഞ്ഞെടുത്തു അപ്പൊസ്തലന്മാരുടെ മുമ്പാകെ നിറുത്തി; അവർ പ്രാർത്ഥിച്ചു, അവരുടെ മേൽ കൈവെച്ചു" (പ്രവൃത്തികൾ 6:6).

ഇന്നു മൂപ്പന്മാരെ തിരഞ്ഞെടുത്തു നിയമിക്കുവാൻ ആ നല്ല നടപടിയെ മാതൃകയായി എടുക്കാം: (1) യോഗ്യതകൾ ദൈവശ്വാസിയരായ അപ്പൊസ്തലന്മാർ നിശ്ചയിച്ചു കഴിഞ്ഞിരിക്കുന്നു. (2) ആ യോഗ്യതകൾ ഇടവകയ്ക്കു മുൻപിൽ, നേതൃത്വത്തിലുള്ള യോഗ്യതകൾ ചർച്ച ചെയ്യുന്ന ഒരു ഉപദേഷ്ടാവോ സുവിശേഷകനോ ഊഹപ്രകാരം സമർപ്പിക്കുന്നു. കർത്താവിന്റെ കൂട്ടത്തെ നയിക്കുന്ന ഇടയനെ തിരഞ്ഞെടുക്കുന്നതിനു മുൻപു അംഗങ്ങളെ നന്നായി പഠിപ്പിക്കേണ്ടതുണ്ട്. (3) ഇടവകയിൽ ഏതെല്ലാം അംഗങ്ങൾക്കാണ് ആ യോഗ്യതകൾ ഉള്ളതെന്നു തീരുമാനിക്കുന്നതിൽ ഇടവകക്കു മുഴുവൻ ഉത്തരവാദിത്വമുണ്ട്. പുതിയ നിയമ മാർഗ്ഗനിർദ്ദേശം അനുസരിച്ചു, സഭയാണ് അതിലെ അംഗങ്ങളിൽ നിന്നു അദ്ധ്യക്ഷന്മാരെ തിരഞ്ഞെടുക്കുന്നത്. (4) മൂപ്പന്മാരെ നിയമിക്കുന്നു (വേർതിരിക്കപ്പെടുന്നു), അല്ലെങ്കിൽ പരസ്യ ശുശ്രൂഷയിൽ അവരെ ഏൽപ്പിച്ച കർത്തവ്യം നല്ലതുപോലെ ചെയ്യേണ്ടതിന്, അവർ പ്രവൃത്തിക്കുന്നു.

**ഉപസംഹാരം**

*വലിയ ശ്രദ്ധയോടെ വേണം മൂപ്പന്മാരെ തിരഞ്ഞെടുക്കുവാൻ.* ആരോ പറഞ്ഞതുപോലെ, ഒരു മൂപ്പനെ ഉണ്ടാക്കുന്നതു "ഉണ്ടാക്കാതിരിക്കുന്ന" തിനേക്കാൾ എളുപ്പമാണ്. ഒരു മൂപ്പൻ അയോഗ്യനെന്നു വൈകി കണ്ടെ

ത്തുമ്പോൾ അയാളെ ആ പദവിയിൽ നിന്നു നിഷ്ക്കാസനം ചെയ്യുന്നതു പ്രയാസവും കൂടാതെ അതു മുഖ്യമായ സഭാ പ്രശ്നങ്ങൾക്കു കാരണ മാവുകയും ചെയ്യും. ഒരാളെ മൂപ്പനായി നിയമിക്കുന്നതിനു മുൻപ് അയാൾക്ക് പുതിയ നിയമ യോഗ്യതകൾ ഉണ്ടോ എന്നതിൽ തികച്ചും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാവാതിരിക്കാൻ ഏകകണ്ഠമായി തീരുമാ നിക്കണം. എന്നാൽ പോലും, അയാളെ നിയമിച്ചാൽ പ്രശ്നങ്ങൾ ഉണ്ടാ കുമെന്നു മുൻകാണുകയാണെങ്കിൽ അയാളെ ഒരുപക്ഷെ നിയമിക്കാതി രിക്കുക.

---

കുറിപ്പുകൾ

[1]പകരമുള്ള മിക്ക തർജ്ജിമകളും എടുത്തിരിക്കുന്നത് കർട്ടിസ് വാഗൻ, ഇഡി., *ദ ന്യൂ ടെസ്റ്റമെന്റ് ഫ്രം 26 ട്രാൻസ്ലേഷൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 1967). ചുരുക്കെഴുത്തിന്റെ വിപുലീകരണം ഈ പുസ്തകത്തിൽ തന്നെയുണ്ട്. [2]ഡിക്ക് മാർസിയർ, “ഹു കാൻ സെർവ് ആസ് എൽഡർ?” *ദ ഈസ്റ്റ് സൈഡ് ബുള്ളറ്റിൻ,* ഈസ്റ്റ്സൈഡ് ചർച്ച് ഓഫ് ക്രൈസ്റ്റ്, മിഡ്വെസ്റ്റ് സിറ്റി, ഒക്‌ലാ. (21 ഒക്ടോബർ 1979). [3]ജെയിംസ് വിൽബൺ, *ലീഡർഷിപ്പ് ഫോർ ക്രൈസ്റ്റ് ഇൻ ദ ലോക്കൽ ചർച്ച്* (വിചിതാ ഫാൾസ്, ടെക്സ്.: ഫെയിത്ത് പ്രെസ്, 1963), 20–54. [4]കെന്നെത്ത് ഓ. ഗാഞ്ചെൽ, *ലീഡർഷിപ്പ് ഫോർ ചർച്ച് എഡ്യുക്കേ ഷൻ* (ചിക്കാഗോ: മൂഡി പ്രെസ്, 1970), 162, സൈറ്റിങ്ങ് ചാൾസ് ഈ. ഹെൻറി ആന്റ് മുറേ ജി. റോസ്, *ന്യൂ അണ്ടർസ്റ്റാന്റിങ്ങ് ഓഫ് ലീഡർഷിപ്പ്,* 43, 64–85. [5]ശരിക്കു പറഞ്ഞാൽ, ജെയിംസ് വിൽബൺ ഇൻ *ലീഡർഷിപ് ഫോർ ക്രൈസ്റ്റ് ഇൻ ദ ലോക്കൽ ചർച്ച്* എന്നതിൽ ഒരുപക്ഷെ പ്രാദേശിക സഭയിൽ മൂപ്പന്മാർക്കു വേണ്ട യോഗ്യതകളെ പറ്റി ആയിരിക്കയില്ല പരാമർശിക്കുന്നത്, എന്നാൽ സഭ യിൽ അദ്ധ്യക്ഷനായി കഴിഞ്ഞ വ്യക്തിക്ക് ആ യോഗ്യതകൾ വളർത്തി എടു ക്കാവുന്നതാണ്.

© 2009 Truth for Today